# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4072 16.03.2017 ന് മറുപടിയ്ക്ക്.

## ഇക്കോ-ടൂറിസത്തിന് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതി വിദ്യാഭ്യാസത്തിനും, സന്ദർശക സുരക്ഷക്കും പ്രത്യേക ഊന്നൽ നൽകിയുള്ള ഇക്കോ-ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഇക്കോ ടൂറിസം മേഖലയിൽ പരിസ്ഥിതി വിദ്യാഭ്യാസം സന്ദർശക സുരക്ഷ എന്നിവ സംബന്ധിച്ച് സന്ദർശകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഇന്റർപ്രട്ടേഷൻ സെന്ററുകൾ രൂപീകരിക്കുകയും. പരിസ്ഥിതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ സന്ദർശക സുരക്ഷക്കായി ദിശാ സൂചികകൾ, മുന്നറിയിപ്പ് ബോർഡുകൾ, വെള്ളച്ചാട്ടങ്ങളിലും മറ്റ് അപകട സാദ്ധ്യത ഉള്ള സ്ഥലങ്ങളിലും കൈവരികൾ, പടവുകൾ എന്നിവയും, പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനവും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ഓഡിറ്റ് നടത്തുന്നതിനായി നാഷണൽ സേഫ്റ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വനാശ്രിത സമുദായത്തിൽ നിന്നും ഇക്കോ ടൂറിസം ഗൈഡുകളെ നിയമിക്കുന്ന പദ്ധതി പ്രകാരം 2016 ജൂണിന് ശേഷം എത്ര പേരെ നിയമിച്ചു; | (ബി) ഇക്കോടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഗൈഡുകൾ ഉൾപ്പെടെയുള്ളവർ വനാശ്രിത സമൂഹത്തിലെ അംഗങ്ങളാണ്. വനാശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കലാണ് ഇക്കോ ടൂറിസത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട് 10 മുതൽ 25 വരെ വന സംരക്ഷണ സമിതികളുടേയോ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയോ അംഗങ്ങൾ ഗൈഡുകളായി പ്രവർത്തിക്കുന്നു. പരമാവധി സ്ത്രീകളെ ഈ പ്രവർത്തികൾക്കായി നിയോഗിക്കുന്നു. ഇത്തരത്തിൽ ഏകദേശം 500-ഓളം പേർ ഗൈഡുകളായി ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്നു. |

(സി) ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട വനമേഖലയിലെ സന്ദർശനങ്ങൾകൊണ്ട് പരിസ്ഥിതിയ്ക്ക് ഉണ്ടാകുന്ന ആഘാതത്തിന്റെ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്നും അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിയ്ക്ക് ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിന് നടപ്പിലാക്കുവാൻ പോകുന്ന കാര്യങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

(സി) & (ഡി) - കേരളത്തിൽ നിലവിലുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഓരോ ഇക്കോ ടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സന്ദർശകരുടെ എണ്ണം കണക്കാക്കുന്നതിനുള്ള പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ